(ബി) ഓൺലൈൻ സംവിധാനം തകരാറാകുന്നതുകാരണം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമായി ഒരു ബാക്കപ്പ് ലൈൻകൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഓൺലൈൻ രജിസ്ട്രേഷൻ ഹാർഡ് ഡിസ്ക് തകരാർ

**194 (5279)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓൺ ലൈൻ രജിസ്ട്രേഷൻ ഹാർഡ് ഡിസ്ക് തകരാറിലായതു കാരണം എത്ര ദിവസം രജിസ്ട്രേഷൻ മുടങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഹാർഡ് ഡിസ്ക് തകരാറിലായതു കാരണം മുൻകാലങ്ങളിലുള്ള വിവരങ്ങൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ ;

(സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഹാർഡ് ഡിസ്ക് തകരാറുമൂലം തിരുവനന്തപുരം ജില്ലയിലെ ഓൺലൈൻ സംവിധാനത്തിന് മൂന്നുദിവസം തടസ്സം നേരിട്ടു. എന്നാൽ ഇക്കാരണത്താൽ ആധാര രജിസ്ട്രേഷന് തടസ്സമൊന്നും നേരിട്ടിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ മാന്വലായി ആധാരങ്ങൾ സ്വീകരിച്ച് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. മറ്റ് ജില്ലകളിലെ ആധാര രജിസ്ട്രേഷന് യാതൊരു തടസ്സവും നേരിട്ടിട്ടില്ല.

(ബി) ഹാർഡ് ഡിസ്ക് തകരാർ കാരണം മുൻകാലങ്ങളിലെ വിവരങ്ങൾ നഷ്ടപ്പെടുകയില്ല.

(സി) ഡാറ്റാ സൂക്ഷിക്കുന്നത് പ്രത്യേക ബാക്കപ്പ് സംവിധാനത്തിലായതിനാൽ ഹാർഡ് ഡിസ്ക് തകരാർമൂലം ഡാറ്റാ നഷ്ടപ്പെടുകയില്ല.

## സഹകരണസംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

**195 (T.5280)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ സംഘങ്ങൾ സ്ഥലം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടില്ലെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരസിക്കപ്പെടുന്നതിന്റെകാരണം വ്യക്തമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സഹകരണ സംഘങ്ങൾ സ്ഥലം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചിട്ടില്ലെങ്കിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരസിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിച്ചിട്ടില്ലാത്ത കേസ്സുകളിൽ നിയമപ്രകാരം ഈടാക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കിയാണ് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുവരുന്നത്.

## സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജ്യൂഡിക്കേറ്റ് ചെയ്യുന്നതിനുള്ള അധികാരം

**196 (5281)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ സ്റ്റാമ്പ് ഡ്യൂട്ടി അഡ്ജ്യൂഡിക്കേറ്റ് ചെയ്യുന്നതിന് അധികാരമുള്ള തസ്തികകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന് ഈ ഇനത്തിൽ ലഭിച്ച ആകെ അപേക്ഷകളുടെയും ആയതിൽ തീർപ്പാക്കിയതിന്റെയും എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(സി) വകുപ്പിന്റെ ആഭ്യന്തര ആഡിറ്റിങ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഇത്തരം അപേക്ഷകൾ സ്വീകരിക്കുന്നതും ഉത്തരവുകൾ നൽകുന്നതും ചട്ടപ്രകാരമാണോയെന്ന് വിശദീകരിക്കുമോ ;

(ഡി) സർക്കാർ നിശ്ചയിച്ച ന്യായവില കുറച്ച് കാണിച്ചിട്ടുള്ള ആധാരങ്ങൾ അഡ്ജ്യൂഡിക്കേറ്റ് ചെയ്ത് നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനായി ഉയർന്ന ഉദ്യോഗസ്ഥരുടെ പ്രത്യേകം സ്ക്വാഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ രജിസ്ട്രാർമാരുടെ പേരിൽ വകുപ്പുതല/വിജിലൻസ് നടപടികൾ നിലനിൽക്കുന്നുണ്ട്; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 1959-ലെ മുദ്രപ്പത്ര നിയമം വകുപ്പ് 31 പ്രകാരം അഡ്ജ്യൂഡിക്കേഷൻ (മുദ്രനിർണ്ണയം) അധികാരം സിദ്ധിച്ചിട്ടുള്ളത് ജില്ലാരജിസ്ട്രാർമാർക്കാണ്.